പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 39** **23-06-2026-ൽ മറുപടിയ്ക്ക്**

**കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സിറിയക് തോമസ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. റോണി. കെ. ബേബി

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും പുതിയ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിക്കുന്ന പദ്ധതികളും നടപടികളും വിശദീകരിക്കാമോ;

**മറുപടി:** സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കി മാറ്റുന്നതിനായി സമഗ്രമായ നിയമ, ഭരണ, നയ, സാങ്കേതിക പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും വിജ്ഞാനധിഷ്ഠിതവും സാങ്കേതികവിദ്യാധിഷ്ഠി തവുമായ വ്യവസായ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടകൾ സ്വീകരിക്കും. ആഗോള നിലവാരത്തിലുള്ള വ്യവസായ കേന്ദ്രമായും നിക്ഷേപക ലക്ഷ്യസ്ഥാനമായും സംസ്ഥാനത്തെ മാറ്റിയെടു ക്കുകയാണ് ലക്ഷ്യം. സംസ്ഥാനത്തിനു അനുയോജ്യ മുൻഗണനാ മേഖലകളിൽ നിക്ഷേപം ആകർഷിക്കുവാനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാനുമുള്ള നടപടികൾ തുടരും.

സാമ്പത്തിക വളർച്ചയ്ക്കും, സമഗ്രമായ പ്രാദേശിക വികസനത്തിനും ഉതകുന്ന തരത്തിലുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിനായി ഡാറ്റാ അധിഷ്ഠിത ഇൻവെസ്റ്റ് കേരളം എന്ന പേരിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കും. നിക്ഷേപകർക്ക് ആവശ്യമായ ഭൂമി, നിയമപരമായ വിവിധ അനുമതികൾ നിക്ഷേപാനന്തര പിന്തുണ എന്നിവ ഓരോ ഘട്ടത്തിലും ഉറപ്പുവരുത്തുന്ന ഒരു ഏകജാലക സംവിധാനമായിരിക്കും ഇൻവെസ്റ്റ് കേരളം സെൽ. ഇതിനായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്രോട്ടോകോൾ നടപ്പിലാക്കും. വിവിധ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിനും, പദ്ധതികളുടെ പുരോഗതിയും പൂർത്തീകരണവും കൃത്യമായി ഉറപ്പു വരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി മുഖ്യമന്ത്രി അദ്ധ്യക്ഷനായും വ്യവസായ-ഐടി വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനായും ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി കൗൺസിൽ രൂപീകരിക്കാൻ ഉദ്ദേശക്കുന്നു. സർക്കാരിന്റെ നിക്ഷേപ പ്രോത്സാഹന സംവിധാനങ്ങളിൽ മികച്ച പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും ഇതു സഹായിക്കും.

ആധുനിക സാമ്പത്തിക വ്യവസ്ഥയിൽ സൂക്ഷ്മ-ചെറുകിട, ഇടത്തരം സംരംഭങ്ങൾ തൊഴിൽ സൃഷ്ടിക്കുന്ന സ്ഥാപനങ്ങൾ മാത്രമല്ല നവീകരണത്തിന്റെയും പ്രാദേശിക വികസനത്തി ന്റെയും പ്രധാന ചാലക ശക്തികളാണ്. ഡിജിറ്റൽ സാങ്കേതികവിദ്യ, ഇ-കൊമേഴ്സ്, നിർമ്മിത ബുദ്ധി, ഓട്ടോമേഷൻ എന്നിവയുടെ സഹായത്തോടെ എം.എസ്.എം.ഇ-കളെ ആഗോള വിപണിയിലേക്കു

എത്തിക്കുവാനും വലിയ കമ്പനികളുമായി മത്സരി ക്കാനും കഴിയുന്ന വിധത്തിൽ മാറ്റിയെടു ക്കുവാനായി കേരള എം.എസ്.എം.ഇ ഗ്രോത്ത് സ്കീം രൂപീകരിക്കും.

ബഹിരാകാശ മേഖലയിലെ വർദ്ധിച്ച വരുന്ന സാറ്റലൈറ്റ് ടെക്നോളജിക്ക് ഊന്നൽ നൽകിയുള്ള ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കും.

കേരളത്തിലെ വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിനു തടസ്സമായ ഭൂമിയുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിനായി ലാന്റ് മാനേജ്മെന്റ് നയം രൂപീകരിക്കും. സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളു ടെയും മിച്ചമുള്ളതും ഉപയോഗിക്കാത്തതുമായ ഭൂമി ഉപയോഗപ്പെടുത്തുന്നതിനായി ലാൻഡ് മാനേജ്മെൻറ് ഫ്രെയിം വർക്ക് ഉണ്ടാക്കുകയും ആവശ്യമാ!യ നിയമനിർമ്മാണം നടത്തുകയും ചെയ്യും. വാണിജ്യ സംരംഭങ്ങൾക്കായി ഭൂമി പരി വർത്തനം ചെയ്യുന്ന പ്രക്രിയ വേഗത്തിലാക്കും.

ഭൂമി ഏറ്റെടുക്കൽ പ്രക്രിയകൾ സമയബന്ധിതവും സുതാര്യവും പ്രൊഫഷണലായും കൈകാര്യം ചെയ്യുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി സർക്കാർ ഏജൻസികളായ കിൻഫ്രയെയും ഇൻകെലിനെയും ശക്തിപ്പെടുത്തും.

ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, സമർപ്പിതവും ആസൂത്രിതവുമായ ഒരു സാമ്പത്തിക മേഖല, അനുമതികൾക്കുള്ള സുഗമമായ നടപടി ക്രമങ്ങൾ, പദ്ധതിവേഗവും വിജയവും വാഗ്ദാനം നൽകുന്ന ഭരണ രീതി എന്നിവ നിക്ഷേപകർക്ക് ഉറപ്പ് നൽകുന്ന ഒരു സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സോൺ ആരംഭിക്കും.

ഉത്പ്പാദനം, ലോജിസ്റ്റിക്സ്, സാങ്കേതിക വിദ്യ, പുനരുപയോഗ ഊർജ്ജം തുടങ്ങിയ മേഖലകളിലെ നിക്ഷേപകരെ ആകർഷിക്കുന്നതിനായി ഈ നിക്ഷേപ മേഖലയെ മാറ്റിയെടുക്കും പ്രവാസി പങ്കാളിത്തം ഉറപ്പാക്കി 'റെമിറ്റൻസ് ഇക്കോണമി' എന്ന നിലയിലേക്കു മാറ്റിയെടുക്കുന്നതിനായി പ്രവാസി ഇൻവെസ്റ്റ്മെൻറ് ട്രസ്റ്റ് ഫണ്ട് രൂപീകരിക്കും.

കൊച്ചി-ആലുവ - പെരുമ്പാവൂർ ഇടനാഴി കേന്ദ്രമാക്കി ഗ്ലോബൽ ഫർണിച്ചർ ഹബ്ബും കൊച്ചി-തൃശ്ശൂർ കേന്ദ്രമാക്കി ഗ്ലോബൽ ഗോൾഡ് ഹബ്ബും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും കേരളത്തിലെ സ്റ്റാർട്ടപ്പുകൾ, ഇന്നവേഷൻ ഹബ്ബുകൾ, ഗവേഷണ കേന്ദ്രങ്ങൾ സ്മാർട്ട് വ്യവസായങ്ങൾ എന്നിവ വികസിപ്പിക്കുവാൻ യുവതലമുറയുടെ സൃഷ്ടിപരമായ കഴിവുകളും സാങ്കേതിക മികവുകളും പ്രജോയനപ്പെടുത്തി യുവ തലമുറയെ മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

കേരളത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമായി ലോകത്തിനു മുന്നിൽ ഉയർത്തി കാട്ടുന്നതിനായി ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ് സംഘടിപ്പിക്കും.

കേന്ദ്രീകൃത സാമ്പത്തിക മേഖലകളുടെ രൂപീകരണത്തിനും സാമ്പത്തിക വളർച്ചക്കും പ്രാധാന്യം നൽകി വിവരസാങ്കേതികവിദ്യ, വിവര സാങ്കേതിക സേവന മേഖലകൾ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ എന്നിവ നടപ്പിലക്കും.

സോളാർ മൊഡ്യൂളുകൾ, ബാറ്ററി പാർക്കുകൾ, ഇലക്ട്രിക് വാഹന ഘടകങ്ങൾ, പവർ ഇലക്ട്രോണിക്സ് തുടങ്ങിയവയുടെ നിർമ്മാണ മേഖലയ്ക്കു പ്രത്യേക പരിഗണന നൽകും. തുറമുഖ അധിഷ്ഠിത വ്യവസായങ്ങൾ ലോജിസ്റ്റിക് പാർക്കുകൾ എന്നിവയുടെ പ്രവർത്തനം വ്യാപിപ്പിക്കും.

ധാതു സംസ്കരണത്തിന്റെയും അപൂർവ ധാതുക്കളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമായി റെയർ എർത്ത്സ് ആന്റ് ക്രിട്ടിക്കൽ മിനറൽസ് കോറിഡോർ സ്ഥാപിക്കുന്നതാണ്.

**(ബി)** പുതിയ സംരംഭങ്ങൾക്കും നിലവിലെ സംരംഭങ്ങളുടെ വികസനത്തിനുമുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിവിധ വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കെ- സ്വിഫ്റ്റ് ആധുനികവത്കരിക്കുന്നതിനും നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംരംഭകർക്ക് വിവിധ സർക്കാർ വകുപ്പുകളിൽ പ്രത്യേകം അപേക്ഷിക്കുന്നതിന് പകരം പൊതു അപേക്ഷ ഫോം (CAF) വഴി വിവിധ അനുമതികൾക്ക് ഒരേസമയം ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകളുടെ പുരോഗതി തത്സമയം നിരീക്ഷിക്കാൻ അപേക്ഷകർക്കും ഉദ്യോഗസ്ഥർക്കും പ്രത്യേക ഡാഷ്ബോർഡുകൾ നൽകിയിട്ടുണ്ട്.

നിലവിൽ സ്വന്തമായി ഓൺലൈൻ സംവിധാനങ്ങളുള്ള വകുപ്പുകളുമായി ആപ്ലിക്കേഷൻ പ്രോഗ്രാമിംഗ് ഇന്റർഫേസ് (API) മുഖേന സംയോജിപ്പിച്ചും, സ്വന്തമായി ഓൺലൈൻ സംവിധാനങ്ങൾ ഇല്ലാത്ത വകുപ്പുകൾക്കായി കെസ്വിഫ്റ്റ് പോർട്ടലിൽ തന്നെ ആവശ്യമായ പ്രവർത്തനക്രമങ്ങൾ രൂപകൽപ്പന ചെയ്തുമാണ് ഈ സേവനങ്ങൾ ലഭ്യമാക്കുന്നത്. ഈസ് ഓഫ് ഡൂയിങ് ബിസിനസ് പദ്ധതികളുടെ ഭാഗമായി ഓരോ വർഷവും കേന്ദ്ര സർക്കാർ പ്രസിദ്ധീകരിക്കുന്ന പരിഷ്കരണ നിർദ്ദേശങ്ങളിൽ ഓൺലൈൻ ഏകജാലക സംവിധാനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സേവനങ്ങൾ ഏകജാലക സംവിധാനത്തിന്റെ സംയോജനം, ഒരു സംരംഭം ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ലൈസൻസുകൾ, അംഗീകാരങ്ങൾ, ക്ലിയറൻസുകൾ, NOC-കൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനുള്ള "Know Your Approval" മോഡ്യൂൾ, സംരംഭകർക്ക് ആവശ്യമായ വിവരങ്ങളും മാർഗനിർദേശങ്ങളും തൽസമയം ലഭ്യമാക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത ചാറ്റ്ബോട്ട് സംവിധാനം, വിവിധ സേവനങ്ങൾക്കായുള്ള അപേക്ഷകൾ ഏകീകൃതമായി സമർപ്പിക്കുന്നതിന് കോമൺ ആപ്ലിക്കേഷൻ ഫോം (Common Application Form), സംരംഭകർക്ക് പാൻ (PAN) അടിസ്ഥാനമാക്കിയുള്ള സിംഗിൾ ലോഗിൻ സംവിധാനം, വിവിധ വകുപ്പുകളിലെ പരിശോധനകൾ ഏകോപിപ്പിച്ച് ആവർത്തന പരിശോധനകൾ ഒഴിവാക്കുന്നതിനും സുതാര്യതയും സമയബന്ധിത്വവും ഉറപ്പാക്കുന്നതിനുമായി സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (Centralised Inspection System), ഇൻസെന്റീവുകൾ സംബന്ധിച്ച വിവരങ്ങൾ, വ്യവസായവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലായി ക്രിമിനൽ കുറ്റങ്ങൾ നിലനിൽക്കുന്ന നിയമങ്ങളിലെ വകുപ്പുകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം, അപേക്ഷ പരിശോധനയുടെയും, അനുമതികൾ നൽകുന്നതിന്റെയും വിശദമായ വിവരങ്ങൾ ലഭ്യമാക്കുന്ന തിനുള്ള തൽസമയ ഡാഷ്ബോർഡുകൾ, സംരംഭകർക്ക് വേഗത്തിൽ വ്യവസായവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിനും, അപേക്ഷ സമർപ്പിക്കുന്നതും അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ വേഗത്തിൽ പരിഹരിക്കുന് തിനുമായുള്ള മൊഡ്യൂൾ (Ticket Based Query and Grievance Management System) തുടങ്ങിയ നിരവധി പരിഷ്കരണങ്ങൾ ഓരോ തവണയും നിർദ്ദേശിക്കപ്പെടുന്നതിന് അനുസരിച്ച് നടപ്പിലാക്കി വരികയാണ്.

പോർട്ടലിന്റെ സാങ്കേതിക ഘടനയിലെ അടിസ്ഥാനപരമായ നവീകരണം, സേവന വിതരണ സംവിധാനങ്ങളിൽ നിലവിൽ വന്നിരിക്കുന്ന സാങ്കേതിക പുരോഗതികൾ, ആധുനിക വിവര വിശകലന സാങ്കേതിക വിദ്യകൾ, നടപടിക്രമങ്ങളുടെ സ്വയമേവ പ്രവർത്തനം എന്നിവ ഉൾപ്പെടെയുള്ള പുതിയ കാലത്തെ ഓൺലൈൻ സംവിധാനങ്ങളിൽ അത്യാവശ്യമായും

ഉൾപ്പെടുത്തേണ്ട ആധുനിക സാങ്കേതിക ഘടകങ്ങൾ കെ-സ്വിഫ്റ്റ് പോർട്ടലിൽ ഉൾപ്പെടുത്തി ഒരു സമഗ്ര പുനർരൂപകൽപ്പന (Revamp) നടപ്പിൽ വരുത്തുന്നതിന്റെ സാധ്യതകളും പരിശോധിക്കുന്നു.

**സെക്ഷൻ ഓഫീസർ**